പോളിടെക്നിക്കുകൾ അടച്ചുപൂട്ടുന്നതിനുള്ള കാരണങ്ങൾ

127 [537] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും പോളിടെക്നിക്കുകൾ അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അടച്ചുപൂട്ടുവാൻ തീരുമാനം എടുക്കുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) അടച്ചുപൂട്ടുന്നതിന് തീരുമാനിച്ചിട്ടില്ല.

(ബി) ബാധകമല്ല.

വെച്ചൂച്ചിറ സർക്കാർ പോളിടെക്നിക്ക് പ്രവേശനവും കെട്ടിട നിർമ്മാണവും

128 [538] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെച്ചൂച്ചിറയിൽ സർക്കാർ പോളിടെക്നിക്ക് അനുവദിച്ചത് എന്നാണ്;

(ബി) ഇത് അനുവദിച്ചുകൊണ്ടുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) വെച്ചൂച്ചിറ പോളിടെക്നിക്കിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായുള്ള പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ എല്ലാ ബഡ്ജറ്റുകളിലും കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് വകയിരുത്തിയിട്ടും ഇതിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ഇ) ഈ വർഷത്തെ ബഡ്ജറ്റിൽ എത്ര തുകയാണ് അനുവദിച്ചത്;

(എഫ്) ഇത് വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ജി) ഈ വർഷം വെച്ചൂച്ചിറ പോളിടെക്നിക്കിൽ പ്രവേശനം തടഞ്ഞുകൊണ്ട് സർക്കാർ ഉത്തരവിറക്കിയിരുന്നോ;

(എച്ച്) എങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഐ) പിന്നോക്ക, മലയോര മേഖലയിലെ ഈ പോളിടെക്നിക്കിൽ ഈ വർഷവും പ്രവേശനം നൽകുന്നതിനും, സ്വന്തമായി കെട്ടിടം നിർമ്മിക്കുവാനും ആവശ്യമായ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) വെച്ചൂച്ചിറയിൽ സർക്കാർ പോളിടെക്നിക് 1998-ലാണ് അനുവദിച്ചത്.

(ബി) ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. ജി.ഒ. (എംഎസ്.) നം. 74/98/ഉ.വി.വ., തീയതി, 8-7-1998.†

(സി) വെച്ചൂച്ചിറ പോളിടെക്നിക്കിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനായി 250 ലക്ഷം രൂപയുടെ ഭരണാനുമതി ആവശ്യപ്പെട്ടുകൊണ്ട് പ്രൊപ്പോസൽ ലഭിച്ചിരുന്നു. മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാൽ പ്രൊപ്പോസൽ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല. 27 ലക്ഷം രൂപ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) മതിയായ ബഡ്ജറ്റ് പ്രൊവിഷൻ ഇല്ലാത്തതിനാലാണ് ഭരണാനുമതി നൽകാൻ കഴിയാതിരുന്നത്.

(ഇ) 27 ലക്ഷം രൂപയാണ് ഈ വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ചത്.

(എഫ്) ഇത് വർദ്ധിപ്പിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാൻ ചീഫ് എഞ്ചിനീയർ (ബിൽഡിംഗ് ആന്റ് ലോക്കൽ വർക്സ്)-നോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ജി) 2004-2005 അദ്ധ്യയന വർഷത്തെ ഒന്നാം വർഷ പ്രവേശനം 10 ഗവൺമെന്റ് പോളിടെക്നിക്കുകളിൽ എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചാൽ മാത്രം നടത്തിയാൽ മതിയെന്ന് സർക്കാർ ഓർഡർ (ആർറ്റി.) നം. 524/04/ഉ.വി.വ., തീയതി 6-4-2004 പ്രകാരം അറിയിച്ചിരുന്നു. 4 പോളിടെക്നിക് കോളേജുകൾക്ക് 2004-2005 വർഷത്തേക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചു എങ്കിലും 16-6-2004-ൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അതാത് നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥർ, ഉന്നത വിദ്യാഭ്യാസ വകുപ്പു സെക്രട്ടറി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ ഈ വർഷം 10 പോളിടെക്നിക് കോളേജുകളിലും പ്രവേശനം നടത്താൻ തീരുമാനമായി. അതനുസരിച്ചുള്ള നടപടികൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

(എച്ച്) എ.ഐ.സി.റ്റി.ഇ.-യുടെ നിബന്ധനകൾ പ്രകാരമുള്ള സ്ഥലവും മറ്റ് സൗകര്യങ്ങളും ഇല്ലാതിരുന്നതുകൊണ്ടാണ് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കാതിരുന്നത്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly